# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>ലഹരി വിരുദ്ധ ബോധവല്‍ക്കരണ പരിപാടി</u>

117 ശ്രീ. കെ. മുരളീധരന്‍
,, വി. റ്റി. ബല്‍റാം
,, ഹൈബി ഈഡന്‍
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) എക്സൈസ് വകുപ്പിന്റെ നേതൃത്വത്തില്‍ ലഹരി വിരുദ്ധ ബോധവല്‍ക്കരണ പരിപാടിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാം;

(സി) മദ്യത്തിനും മയക്കുമരുന്നിനും എതിരെയുള്ള ബോധവല്‍ക്കരണത്തിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പരിപാടിയില്‍ ഉള്‍പ്പെടുത്തിയിരിക്കുന്നത്;

(ഡി) ഏതെല്ലാം ഏജന്‍സികളാണ് ഈ പരിപാടിയുമായി ബന്ധപ്പെട്ടതെന്ന് വിശദീകരിക്കുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>സ്കൂൾ - കോളേജുകൾ കേന്ദ്രീകരിച്ച് ബോധവത്ക്കരണവും കൗൺസിലിംഗും</u>

118 ശ്രീ. സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള
,, തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യത്തിന്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സ്കൂൾ - കോളേജുകൾ കേന്ദ്രീകരിച്ച് എക്സൈസ് വകുപ്പിന്റെ സഹകരണത്തോടെ മദ്യത്തിനും മയക്കുമരുന്നിനുമെതിരെ ബോധവത്ക്കരണവും കൗൺസിലിങ്ങും നടത്തുന്നതിന് ഉദ്ദേശ്യമുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>വയർലെസ്സ് സംവിധാനം</u>

119 ശ്രീ. സി. പി. മുഹമ്മദ്
'' ഐ. സി. ബാലകൃഷ്ണൻ
'' ഡൊമിനിക് പ്രസന്റേഷൻ
'' കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ വയർലെസ്സ് സംവിധാനം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും വിശദീകരിക്കാമോ;

(സി) പ്രസ്തുത സംവിധാനം നടപ്പാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ഡി) എക്സൈസ് ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് എന്നീ സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വയർലെസ്സ് സംവിധാനം കൂടുതൽ പ്രയോജനകരമാകുമെന്ന് കരുതുന്നുണ്ടോ ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>വനിതാ ഗാർഡുമാരെ നിയമിക്കുന്നതിന് നടപടികൾ</u>

120 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ വനിതാ ഗാർഡുമാരെ നിയമിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) മൊത്തം ഗാർഡുകളിൽ എത്ര ശതമാനം വനിതാ ഗാർഡുമാരെ നിയമിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) എന്നത്തേയക്ക് ഇവരെ നിയമിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

<u>നീലേശ്വരം, കാഞ്ഞങ്ങാട് എക്സൈസ് റെയ്ഞ്ചുകളിൽ നടത്തിയ റെയ്ഡുകൾ</u>

121

ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസറഗോഡ് ജില്ലയിലെ നീലേശ്വരം, കാഞ്ഞങ്ങാട് എക്സൈസ് റെയ്ഞ്ചുകളുടെ കീഴിൽ ഏതെല്ലാം പഞ്ചായത്തുകളും നഗരസഭകളുമാണ് ഉളളതെന്ന് വ്യക്താക്കാമോ;

(ബി) പ്രസ്തുത റെയ്ഞ്ചുകളിൽ ഓരോന്നിലും കഴിഞ്ഞ ഒരു വർഷത്തിനിടയിൽ എത്ര റെയ്ഡുകൾ നടത്തിയെന്നും എത്ര കേസുകൾ എടുത്തുവെന്നും പഞ്ചായത്ത് തിരിച്ച കണക്ക് ലഭ്യമാക്കുമോ;

(സി) ചില വീടുകൾ കേന്ദ്രീകരിച്ച് നടക്കുന്ന മദ്യവില്പന തടയുവാൻ കഴിയുന്നില്ല എന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും പ്രത്യേക സംവിധാങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
# 18.03.2013–ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ മദ്യ വില്പനയും നികുതി വരുമാനവും</u>

122 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷൻ, കൺസ്യൂമർഫെഡ് എന്നിവയുടെ റീട്ടയിൽ ഔട്ട്ലറ്റുകൾ വഴി എത്ര രൂപയുടെ വിദേശമദ്യമാണ് 2012–13 സാമ്പത്തിക വർഷത്തിൽ വിറ്റഴിച്ചിട്ടുള്ളത്;

(ബി) ഇതുമൂലം എന്ത് തുക നികുതിയിനത്തിൽ ലഭിച്ചു;

(സി) സ്വകാര്യ ബാറുകൾ വഴി 2012–13 സാമ്പത്തിക വർഷത്തിൽ എത്ര രൂപയുടെ ഇൻഡ്യൻ നിർമ്മിത വിദേശമദ്യമാണ് വിൽപ്പന നടത്തിയിട്ടുള്ളത്;

(ഡി) ഇതുമൂലം എത്ര രൂപ നികുതി ഇനത്തിൽ ലഭിച്ചു;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബിവറേജസ് കോർപ്പറേഷന്റെയും, കൺസ്യൂമർഫെഡിന്റെയും എത്ര വിദേശമദ്യ ഔട്ട്ലറ്റുകൾ ആരംഭിച്ചിട്ടുണ്ട്; എത്ര സ്വകാര്യ ബാറുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്;

(എഫ്) ബിവറേജസ് കോർപ്പറേഷന്റെയും, കണസ്യൂമർഫെഡിന്റെയും ഔട്ട്ലറ്റുകൾ ആരംഭിക്കാതെ, സ്വകാര്യ ബാറുകൾ ആരംഭിക്കുന്നതിന് ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട് വൻ അഴിമതി നടന്നിട്ടുണ്ട് എന്ന മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) എങ്കിൽ, ഇതു സംബന്ധിച്ച് അന്വേഷണം നടത്താൻ തയ്യാറാകുമോ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

## ബാർ ലൈസൻസ്

123

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ എത്ര ബാറുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ ബാറിന്റെയും പേരുൾപ്പെടെയുള്ള വിശദാംശങ്ങളും ഏത് തീയതിയിലാണ് ബാർ ലൈസൻസിനുള്ള ഗവൺമെന്റ് ഉത്തരവ് നൽകിയതെന്നുമുള്ള വിവരങ്ങളും ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>പുതുതായി അനുമതി നൽകിയ ബാറുകൾ</u>

124 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ബാറുകൾക്ക് പുതുതായി അനുമതി നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള പട്ടിക സഹിതം വ്യക്തമാക്കുമോ;

(ബി) ബിവറേജസ് കോർപ്പറേഷന്റെ എത്ര റീട്ടെയിൽ ഔട്ട്ലെറ്റുകളാണ് പുതുതായി ആരംഭിച്ചതെന്നു വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 18.03.2013–ലെ മറുപടിക്ക്

ഗുണനിലവാരമുള്ള മദ്യം

125 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ബാറുകൾക്ക് ലൈസൻസ് നൽകയിട്ടുണ്ട് ;

(ബി) സംസ്ഥാനത്തെ പല ബാറുകളിലും ഗുണനിലവാരം കുറഞ്ഞതും വ്യാജമായി നിർമ്മിച്ചതുമായ മദ്യം വിൽക്കുന്നുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ബാറുകളിൽ ഗുണനിലവാരമുള്ള മദ്യമാണ് വിൽപ്പന നടത്തുന്നതെന്ന് ഉറപ്പുവരുത്തുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>വ്യാജചാരായം പിടിച്ചെടുക്കുന്നതിനുള്ള റെയ്ഡുകൾ</u>

126 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം വ്യാജചാരായം പിടിച്ചെടുക്കുന്നതിനുള്ള എത്ര റെയ്ഡുകൾ നടന്നു എന്നതിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത റെയ്ഡുകളിലൂടെ എത്ര ലിറ്റർ വ്യാജചാരായം/മദ്യം ആണ് പിടിച്ചെടുത്തത് എന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>വ്യാജച്ചാരായ കേസ്സുകൾ</u>

127 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ എത്ര വ്യജച്ചാരായ കേസ്സുകൾ രജിസ്റ്റർ ചെയ്തുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രായപൂർത്തിയാകാത്തവരുടെ പേരിലും ആദിവാസി മേഖലകളിലും ഇത്തരം കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത കേസ്സുകളിൽ സ്വീകരിച്ച നടപടികളുടെ പുരോഗതി വിശദമാക്കുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>വ്യാജ വാറ്റും വ്യാജ ചാരായ വില്പനയും തടയാൻ നടപടി</u>

128 ശ്രീ. ഇ. പി. ജയരാജൻ
,, പി. ശ്രീരാമകൃഷ്ണൻ
,, ബി. സത്യൻ
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യാജവാറ്റും വ്യാജചാരായ വില്പനയും സംസ്ഥാനത്ത് വ്യാപകമായിരിക്കുന്നത് എന്തു കൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; ഇത് തടയാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വ്യാജ ചാരായ കേസുകളിൽ എത്ര പേർ ശിക്ഷിക്കപ്പെടുകയുണ്ടായി;

(സി) എക്സൈസ് വകുപ്പും ആഭ്യന്തര വകുപ്പും പ്രസ്തുത കാലയളവിൽ എടുത്ത കേസുകളിൽ അന്വേഷണം നടത്തി അന്തിമ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചവ എത്ര; അവശേഷിക്കുന്നവ എത്ര; എത്ര കേസുകളിലായി എത്ര പേർ അറസ്റ്റു ചെയ്യാൻ ബാക്കി നില്പുണ്ട്?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>അനധികൃത സ്പിരിറ്റ് തടയുന്നതിന് നടപടി</u>

129 ശ്രീ. പി. കെ. ഗുരുദാസൻ
'' കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
'' കെ. ദാസൻ
'' സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്പിരിറ്റിന്റെ അനധികൃത വരവ് വർദ്ധിച്ചുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്പിരിറ്റ്ലോബിയും ചില എക്സൈസ് അധികൃതരും തമ്മിലുള്ള അവിഹിതബന്ധങ്ങൾ സ്പിരിറ്റ് കടത്തിന് ആക്കം വർദ്ധിപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്പിരിറ്റു കേസുകളിൽ സസ്പെന്റുചെയ്യപ്പെട്ടവരിൽ എത്ര പേരെ ഈ സർക്കാർ തിരികെ സർവ്വീസിൽ പ്രവേശിപ്പിച്ചിട്ടുണ്ട്; സസ്പെൻഷനിൽ കഴിയുന്നവരെത്ര;

(ഡി) സ്പിരിറ്റു കേസുകളിൽ അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിച്ചിട്ടില്ലാത്തവ എത്ര; എത്ര കേസുകളിലായി എത്ര പേർ അറസ്റ്റു ചെയ്യാൻ ബാക്കി നിൽക്കുന്നു ;

(ഇ) സ്പിരിറ്റ് കേസുകളുടെ അന്വേഷണം ക്രൈംബ്രാഞ്ചിനെ എൽപ്പിക്കാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

<u>സ്പിരിറ്റ് കേസുകൾ</u>

130 ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നാളിതുവരെ എത്ര സ്പിരിറ്റ് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നുള്ള ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കേസ്സുകളുമായി ബന്ധപ്പെട്ട് എത്ര പ്രതികളെ ഇനിയും പിടികൂടാനുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കേസ്സുകളിൽ എക്സൈസ് ജീവനക്കാർക്ക് ബന്ധമുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചുവെന്ന് വ്യക്താമാക്കാമോ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

<u>വ്യാജ വാറ്റ് തടയാൻ നടപടി</u>

131

ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

എ അമ്പലപ്പുഴ മണ്ഡലത്തിന്റെ തീരപ്രദേശങ്ങളിൽ വ്യാജ വാറ്റ് വർദ്ധിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ ;

ബി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അമ്പലപ്പുഴ മണ്ഡലത്തിൽ നിന്ന് വ്യാജ വാറ്റ് സംബന്ധിച്ച എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

സി വ്യാജ വാറ്റ് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 18.03.2013–ലെ മറുപടിക്ക്

<u>നീര ഉത്പാദനം</u>

132 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തെങ്ങിൽ നിന്നും നീര ഉത്പാദിപ്പിക്കുന്നതിനും വിപണനം നടത്തുന്നതിനും തടസ്സമായി നിൽക്കുന്ന വ്യവസ്ഥകൾ നിലവിലുള്ള അബ്ക്കാരി നിയമത്തിലോ ചട്ടങ്ങളിലോ ഉണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ നീര ഉത്പാദനത്തിനും വിപണനം നടത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>വിദേശമദ്യത്തിന്റെ വില</u>

133 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ഏപ്രിൽ ഒന്നു മുതൽ വിദേശ മദ്യ വില കൂട്ടുന്നതിനെക്കുറിച്ച് ആലോചിക്കുകയോ, തീരുമാനമെടുക്കുകയോ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര ശതമാനം വർദ്ധനയാണ് ഉദ്ദേശിക്കുന്നത്;

(സി) ഏത് പഠനത്തിന്റെ അടിസ്ഥാനത്തിലാണ് വില കൂട്ടുന്നത്;

(ഡി) സ്വകാര്യ മദ്യ കമ്പനികളിൽ നിന്നും മദ്യം വാങ്ങുന്നതിനുള്ള ''വാങ്ങൽ വില'' പുതുക്കുന്നതു സംബന്ധിച്ച് ബിവറേജസ് കോർപ്പറേഷൻ ഡയറക്ടർ ബോർഡ് യോഗം വിളിച്ചു ചേർക്കാനുദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ എന്നാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>ഇൻഡ്യൻ നിർമ്മിത വിദേശമദ്യത്തിന്റെ വില</u>

134 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇൻഡ്യൻ നിർമ്മിത വിദേശമദ്യത്തിന്റെ വില കൂട്ടുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

ബിവറേജസ് കോർപ്പറേഷൻ മദ്യത്തിന്റെ വാങ്ങുന്ന വില വർദ്ധിപ്പിച്ച നടപടി

135 **ശ്രീ. കെ. കെ. ജയചന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷൻ ഏറ്റവും ഒടുവിൽ മദ്യത്തിന്റെ വാങ്ങുന്ന വില വർദ്ധിപ്പിച്ചത് എപ്പോഴാണ്; നിരക്ക് വർദ്ധന സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) വില വർദ്ധിപ്പിച്ചു നൽകിയതിനുശേഷം കോർപ്പറേഷൻ ഏതെല്ലാം കമ്പനികളിൽനിന്ന് ഏതെല്ലാം വിലയിലുള്ള എന്ത് തുകയ്ക്കുള്ള മദ്യം വാങ്ങുകയുണ്ടായി; വർദ്ധിപ്പിച്ചു നൽകിയ നിരക്ക് അനുസരിച്ച് വാങ്ങിയവയുടെ അധിക വില - എന്ത് തുകയുടേതാണ്;

(സി) എത്ര ശതമാനം വർദ്ധനയായിരുന്നു മദ്യ കമ്പനികൾ ആവശ്യപ്പെട്ടിരുന്നത്; അതിനുള്ള ന്യായീകരണങ്ങൾ എന്തെല്ലാമായിരുന്നു; എത്ര ശതമാനം വർദ്ധനയാണ് അനുവദിച്ചിരുന്നത്; എന്നുമുതൽ വാങ്ങുന്ന മദ്യങ്ങൾക്കായിരുന്നു വില വർദ്ധിപ്പിച്ചു നൽകിയത്?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

<u>ബിവറേജസ് കോർപ്പറേഷനിലെ ഒഴിവുകൾ</u>

136 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബിവറേജസ് കോർപ്പറേഷൻ ഔട്ട്ലെറ്റുകളിൽ ഹെൽപ്പർ, സെയിൽസ്മാൻ തസ്തികയിൽ പി.എസ്.സി അപേക്ഷ ക്ഷണിക്കുകയോ റാങ്ക് ലിസ്റ്റ് നിലവിൽ വരികയോ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ, കാരണം വ്യക്തമാക്കാമോ; എത്ര ഒഴിവുകൾ ഈ തസ്തികയിൽ നിലവിലുണ്ട്;

(ബി) ബിവറേജസ് കോർപ്പറേഷനിൽ എൽ.ഡി.സി മാരുടെ നിയമനവുമായി ബന്ധപ്പെട്ട് അഡ്വൈസ് പി.എസ്.സി നൽകിയിട്ടും നിയമനം കിട്ടാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കുവാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) ബിവറേജസ് കോർപ്പറേഷനിൽ നിലവിൽ എത്ര എൽ.ഡി.സി ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

ബിവറേജസ് കോർപ്പറേഷനിലെ ജീവനക്കാരുടെ എണ്ണം

137

ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷനിൽ എത്ര സ്ഥിരം ജീവനക്കാരാണുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ബിവറേജസ് കോർപ്പറേഷനിൽ എത്ര പേർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നുണ്ട്;

(സി) ബിവറേജസ് കോർപ്പറേഷന് ആകെ എത്ര ഔട്ട്ലെറ്റുകൾ ഉണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര ഔട്ട്ലെറ്റുകൾ ആരംഭിച്ചുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം നിയന്ത്രിക്കുന്നതിന് സംവിധാനം</u>

138 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വർദ്ധിച്ചുവരുന്ന ഉപയോഗം നിയന്ത്രിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ;

(ബി) ലഹരി വസ്തുക്കൾ ഉപയോഗിക്കുന്ന കുട്ടികളിൽ കുറ്റകൃത്യങ്ങൾ വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് തടയുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>ലഹരിവസ്തുക്കളുടെ ഉൽപ്പാദനവും വിതരണവും</u>

139 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലഹരിവസ്തുക്കളുടെ ഉൽപ്പാദനവും വിതരണം നടത്തിയതുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) ഇത്തരം കേസ്സുകൾ വിചാരണ ചെയ്യുന്നതിനായി പ്രത്യേക കോടതികൾ പ്രവർത്തിക്കുന്നുണ്ടോ; അവ എവിടെയെല്ലാമാണ് സ്ഥിതിചെയ്യുന്നത്;

(സി) ലഹരിവസ്തുക്കളുടെ ഉപയോഗം യുവാക്കൾക്കിടയിൽ വർദ്ധിച്ചുവരുന്നത് കണക്കിലെടുത്ത് കൂടുതൽ പ്രത്യേക കോടതികൾ ആരംഭിക്കാൻ ഉദ്ദേശമുണ്ടോ;

(ഡി) ലഹരിവസ്തുക്കളുടെ ഉൽപ്പാദനവും വിതരണവും കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നുള്ള വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

വിദ്യാർത്ഥികളിൽ വർദ്ധിച്ചുവരുന്ന മദ്യപാനശീലം

140 മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും** വകുപ്പു
**മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാർത്ഥികളിൽ മദ്യപാനശീലം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ആധികാരികമായ പഠനം നടന്നിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഔദ്യോഗികമായി പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ആവശ്യമായ സംവിധാനം ഏർപ്പെടുത്തുമോ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>ചെത്ത് തെങ്ങ് നൽകുന്ന കൃഷിക്കാർക്കുള്ള പ്രതിഫലം</u>

141 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെത്ത്തെങ്ങ് നൽകുന്ന കൃഷിക്കാർക്ക് പ്രതിഫലം നൽകുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) മാനദണ്ഡങ്ങൾ നിലവിലില്ലെങ്കിൽ കൃഷിക്കാർക്ക് മെച്ചപ്പെട്ട ആനുകൂല്യങ്ങൾ ഉറപ്പാക്കും വിധം മദ്യനയം ആവിഷ്കരിക്കുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 18.03.2013–ലെ മറുപടിക്ക്

## തീരക്കടൽ കപ്പൽ പാത

142 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീരക്കടൽ കപ്പൽ പാത സ്ഥാപിക്കുന്നതു സംബന്ധിച്ച് നിയമിച്ചിരുന്ന കൺസൾട്ടൻസി സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) തീരത്തുനിന്നും എത്ര നോട്ടിക്കൽ മൈൽ ദൂരെയാണ് തീരക്കടൽ കപ്പൽ പാത സ്ഥാപിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) കപ്പൽ പാതയ്ക്കുവേണ്ടി ഡ്രെഡ്ജിംഗ് നടത്തുമ്പോൾ വൻതോതിൽ മത്സ്യ സമ്പത്ത് നഷ്ടപ്പെടുമെന്ന കാര്യം ബോധ്യപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതുമൂലം മത്സ്യതൊഴിലാളികൾക്കുണ്ടാകുന്ന തൊഴിൽ നഷ്ടത്തെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ഇ) പ്രസ്തുത തൊഴിൽ നഷ്ടം പരിഹരിക്കുവാനും, മത്സ്യ സമ്പത്തിനും കടലിലെ പാരിസ്ഥിതിക പ്രശ്നങ്ങൾക്കും ഉണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുവാനും എന്തെല്ലാം ശാസ്ത്രീയ മാർഗ്ഗങ്ങളാണ് പരിഗണനയിലുളളത് എന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

കടൽ വഴിയുള്ള ചരക്ക് നീക്കം മെച്ചപ്പെടുത്താൻ പദ്ധതി

143 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
'' പാലോട് രവി
,, സണ്ണി ജോസഫ്
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കടൽ വഴിയുള്ള ചരക്ക് നീക്കം മെച്ചപ്പെടുത്താൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

(സി) ചരക്ക് നീക്കം നടത്തുന്നവർക്ക് ഇൻസെന്റീവ് നൽകാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) ഇൻസെന്റീവ് സംബന്ധിച്ച വിശദാംശങ്ങൾ എന്തൊക്കെയാണ്?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

## തുറമുഖങ്ങളിലെ മണൽ ഖനനം

144

ശ്രീ. വി. എസ്. സുനിൽ കുമാർ
,, പി. തിലോത്തമൻ
,, കെ. അജിത്
,, ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തുറമുഖ വകുപ്പിന്റെ കീഴിൽ തുറമുഖങ്ങളിലും അഴിമുഖങ്ങളിലും നിന്ന് മണലെടുക്കാൻ സംസ്ഥാനത്ത് എത്ര മണൽ കടവുകൾക്ക് അനുവാദം നൽകിയിട്ടുണ്ട്; എവിടെയെല്ലാം; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇത്തരം കടവുകളിൽ നിന്നും മണലെടുക്കുന്നതിന് സഹകരണ സംഘങ്ങൾക്ക് അനുവാദം നൽകിയിട്ടുണ്ടോ; എങ്കിൽ ഈ സഹകരണ സംഘങ്ങളുടെ ലേബലിൽ മണൽ മാഫിയകൾ പ്രവർത്തിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് തടയുന്നതിന് എന്തു നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ഇത്തരത്തിൽ ഖനനം ചെയ്യുന്ന ഉപ്പിന്റെ അംശം കൂടുതലുള്ള മണൽ കെട്ടിട നിർമ്മാണത്തിനും മറ്റുമായി ഉപയോഗിച്ചു വരുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഭാവിയിൽ വൻദുരന്തങ്ങളുണ്ടാകാൻ സാദ്ധ്യതയുള്ളതുകൊണ്ട് ഉപ്പു കലർന്ന മണൽ കെട്ടിട നിർമ്മാണത്തിനും മറ്റും ഉപയോഗിക്കുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

<u>വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി</u>

145 ശ്രീ. കെ. മുരളീധരൻ
,, എ. റ്റി. ജോർജ്
,, എം. എ. വാഹീദ്
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

എ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി യാഥാർത്ഥ്യമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ;

ബി പ്രസ്തുത പദ്ധതിയുടെ മാസ്റ്റർ പ്ലാൻ അംഗീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

സി പദ്ധതിയ്ക്കുള്ള പാരിസ്ഥിതികാനുമതിക്ക് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് വിശദീകരിക്കാമോ ;

ഡി പദ്ധതിയുടെ ഭാഗമായി സാമൂഹിക ഉത്തരവാദിത്തമുള്ള ഏതെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

വിഴിഞ്ഞം തുറമുഖത്തിന്റെ പ്രവർത്തനം

146 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖത്തിന്റെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ് എന്നു വ്യക്തമാക്കുമൊ;

(ബി) പ്രസ്തുത തുറമുഖത്തിന്റെ വികസനത്തിനായി കേന്ദ്രത്തിൽ നിന്നും എന്തെങ്കിലും സാമ്പത്തിക സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ എത്ര തുകയാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്നും അതിൽ എത്ര തുക ഇതിനകം ലഭ്യമായിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>പൂവാറിൽ കപ്പൽ നിർമ്മാണശാല സ്ഥാപിക്കാൻ നടപടി</u>

147

ശ്രീ. കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ പൂവാറിൽ കപ്പൽ നിർമ്മാണശാല സ്ഥാപിക്കാൻ നിർദ്ദേശിച്ചുകൊണ്ടുള്ള പഠന റിപ്പോർട്ട് നിലവിലുണ്ടോ;

(ബി) പൂവാറിൽ കപ്പൽ നിർമ്മാണശാല സ്ഥാപിക്കുന്നതിനായി കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയത്തിനോട് ശുപാർശ ചെയ്തിരിക്കുന്നത് എന്ത് അടിസ്ഥാനത്തിലാണ്;

(സി) തുറമുഖ വകുപ്പിന്റെ 10.01.2013 - ലെ യോഗത്തിൽ പൂവാറിൽ കപ്പൽ നിർമ്മാണശാല സ്ഥാപിക്കുന്നത് സംബന്ധിച്ച് എന്ത് തീരുമാനമാണ് എടുത്തിട്ടുള്ളത്;

(ഡി) പൂവാറിൽ കപ്പൽ നിർമ്മാണശാല സ്ഥാപിക്കുന്നതിന് സഹായകരമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>മാരിടൈം ബോർഡ്</u>

148 ശ്രീ. ബെന്നി ബെഹനാൻ
,, ജോസഫ് വാഴക്കൻ
,, റ്റി. എൻ. പ്രതാപൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാരിടൈം ബോർഡ് രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ബോർഡിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ്;

(സി) ജലത്തിൽ കൂടിയുളള ചരക്ക് ഗതാഗതം പ്രോൽസാഹിപ്പിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് ബോർഡ് രൂപീകരണത്തിലൂടെ ലക്ഷ്യമിട്ടിട്ടുളളതെന്ന് വിശദമാക്കുമോ;

(ഡി) ഈ മേഖലയിലുളള വിവിധ ഏജൻസികളെ ബോർഡ് രൂപീകരണത്തിൽ സംയോജിപ്പിക്കുന്നകാര്യം പരിഗണിക്കുമോ;

(ഇ) ബോർഡ് രൂപീകരണത്തിനുളള നിയമ നിർമ്മാണ നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>അർത്തുങ്കൽ ഫിഷിംഗ് ഹാർബറിന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ</u>

149 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അർത്തുങ്കൽ ഫിഷിംഗ് ഹാർബറിന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് തുടങ്ങുമെന്ന് വ്യക്തമാക്കുമോ; ഇതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ പൂർണ്ണമായും നീങ്ങിയിട്ടുണ്ടോ എന്നും ഇതിനാവശ്യമായ കേന്ദ്ര സർക്കാർ വിഹിതം ലഭിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം പൂർത്തിയായാൽ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ടെണ്ടർ നടപടിയായിട്ടുണ്ടോ; വിശദവിവരം നൽകുമോ;

(ഡി) അർത്തുങ്കൽ ഫിഷിംഗ് ഹാർബറിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൂർത്തീകരിച്ചിട്ടും തുടർ പ്രവർത്തനങ്ങൾക്കുള്ള സാങ്കേതിക തടസ്സങ്ങൾ ഇനിയും പരിഹരിക്കപ്പെടാത്തതും പണിയാരംഭിക്കാത്തതും എന്തുകൊണ്ടാണെന്നും വ്യക്തമാക്കുമോ; അടിയന്തിരമായി അർത്തുങ്കൽ ഫിഷിംഗ് ഹാർബറിന്റെ പ്രവർത്തനം പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>താനൂർ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം</u>

150 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട താനൂർ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) ടെണ്ടർ നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ ;

(സി) എന്തൊക്കെ പ്രവൃത്തികളാണ് ഇപ്പോൾ നടത്താനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ;

(ഡി) എന്നത്തേക്ക് നിർമ്മാണ പ്രവൃത്തി ആരംഭിക്കാനാകുമെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

<u>കൊയിലാണ്ടി ഫിഷിംഗ് ഹാർബർ നിർമ്മാണം</u>

151 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി ഫിഷിംഗ് ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട് കേന്ദ്രത്തിലേക്ക് സമർപ്പിക്കപ്പെട്ടിട്ടുള്ള എസ്റ്റിമേറ്റിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) കേന്ദ്ര ഫണ്ട് ലഭ്യമാവുന്നതിന് വകുപ്പിൽ നിന്നോ മന്ത്രാലയത്തിൽ നിന്നോ കേന്ദ്ര ആഭ്യന്തര സഹമന്ത്രിക്ക് നിവേദനമോ കത്തോ നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത കത്തിന് കേന്ദ്രമന്ത്രിയിൽ നിന്ന് എന്ത് മറുപടിയാണ് ലഭിച്ചതെന്ന് വ്യക്തമാക്കാമോ; മറുപടി കത്തിന്റെയും കേന്ദ്രമന്ത്രിയ്ക്ക് അയച്ച കത്തിന്റെയും പകർപ്പ് ലഭ്യമാക്കാമോ;

(ഡി) കൊയിലാണ്ടി ഫിഷിംഗ് ഹാർബറുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ള ശാസ്ത്രീയ പഠനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത പഠന റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(എഫ്) ഫിഷിംഗ് ഹാർബർ സംബന്ധിച്ച് മാർച്ച് 2-ന് മന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ ജന പ്രതിനിധികൾ അല്ലാതെ പങ്കെടുത്തവർ ആരെല്ലാം എന്ന് വ്യക്തമാക്കാമോ;

(ജി) ജന പ്രതിനിധികൾ അല്ലാത്തവർ ആയി ഈ യോഗത്തിൽ പങ്കെടുത്തവർ നടത്തിയ ചർച്ചയിലെ വിശദാംശം ലഭ്യമാക്കുമോ;

(എച്ച്) യോഗത്തിൽ എന്തെല്ലാം കാര്യങ്ങൾക്ക് ധാരണയായി എന്ന് വിശദമാക്കാമോ;

(ഐ) യോഗത്തിന്റെ മിനിട്ട്സിന്റെ പകർപ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

കായിക്കരെയും വക്കം ഗ്രാമപഞ്ചായത്തിനെയും ബന്ധിപ്പിച്ച് പാലം പണിയാൻ നടപടി

152 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീരപ്രദേശ ഗ്രാമങ്ങളായ അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിലെ കായിക്കരെയും വക്കം ഗ്രാമപഞ്ചായത്തിനെയും ബന്ധിപ്പിക്കുന്നതിന് പാലം പണിയാൻ നിർദ്ദേശങ്ങൾ സമർപ്പിക്കപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, ആയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>താന്നൂർ ഒട്ടുമ്പുറത്തേയും കെട്ടുങ്ങൽ ബീച്ചിനേയും ബന്ധിപ്പിക്കുന്ന പാലത്തിന്റെ പ്രവൃത്തി.</u>

153 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹാർബർ എഞ്ചിനിയറിംഗ് വകുപ്പിന്റെ കീഴിൽ താന്നൂർ ഒട്ടുമ്പുറത്തേയും കെട്ടുങ്ങൽ ബീച്ചിനേയും ബന്ധിപ്പിക്കുന്ന പാലത്തിന്റെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ടെണ്ടർ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(സി) പ്രസ്തുത പാലത്തിന്റെ പ്രവൃത്തി എന്ന് തുടക്കം കുറിക്കാനാകുമെന്ന് വ്യക്തമാക്കാമോ;

(ഡി) എത്ര കാലപരിധിക്കുള്ളിൽ പണി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>കാസർഗോഡ് കസബ പാലത്തിന്റെ നിർമ്മാണം</u>

154 ശ്രീ. എൻ. എ നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് കസബ പാലം നിർമ്മാണത്തിന് പണം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഏത് ഫണ്ടിൽ നിന്ന് എത്ര തുക എപ്പോൾ അനുവദിച്ചുവെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പാലം പൊളിഞ്ഞുവീഴാറായിട്ടുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പാലം പുനർനിർമ്മിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് അറിയിക്കുമോ;

(ഡി) ഇതിന്റെ നിർമ്മാണം എപ്പോൾ തുടങ്ങുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

<u>മത്സ്യബന്ധനമേഖല നേരിടുന്ന പ്രതിസന്ധി</u>

155 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

എ ഡീസൽ വില വർദ്ധനവുമൂലം മത്സ്യബന്ധനമേഖല പ്രതിസന്ധി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

ബി ആലപ്പുഴ ജില്ലയിൽ പരമ്പരാഗതമായി മത്സ്യബന്ധനം നടത്തുന്ന എത്ര യന്ത്രവത്കൃത ബോട്ടുകളാണുള്ളത് ;

സി ഓരോ ബോട്ടിനും എത്ര ലിറ്റർ മണ്ണെണ്ണയാണ് സബ്സിഡി നിരക്കിൽ അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

ഡി യന്ത്രവത്കൃത മത്സ്യബന്ധന ബോട്ടുകൾക്ക് കൂടുതൽ മണ്ണെണ്ണയും ഡീസലും സബ്സിഡി നിരക്കിൽ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ</u>

156 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യതൊഴിലാളികൾ അനുഭവിക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മത്സ്യത്തൊഴിലാളികളുടെ ജീവനോപാധിയായ വലയും മറ്റും കടൽമാക്രികളുടെ ആക്രമണത്തിൽ നശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(സി) കടൽ മാക്രികളുടെ ആക്രമണത്തിൽ നഷ്ടം സംഭവിക്കുന്ന മത്സ്യതൊഴിലാളികൾക്ക് നൽകുന്ന നഷ്ടപരിഹാരം എന്തെല്ലാം എന്ന് വിശദമാക്കാമോ?

(ഡി) മത്സ്യതൊഴിലാളികൾക്കുണ്ടാകുന്ന വസ്തു-തൊഴിൽ നഷ്ടങ്ങൾ പരിഗണിച്ച് ജീവനോപാധിയായ വസ്തു നഷ്ടം വഴി വന്നുചേരുന്ന തൊഴിൽ നഷ്ടവുംകൂടി കണക്കിലെടുത്ത്
മതിയായ നഷ്ട പരിഹാരം നൽകാൻ നടപടികൾ ഉണ്ടാവുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>മാതൃകാ മത്സ്യബന്ധനഗ്രാമങ്ങൾ</u>

157 ശ്രീ. എം. എ. വാഹീദ്
,, ലൂഡി ലൂയിസ്
,, ഷാഫി പറമ്പിൽ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാതൃകാ മത്സ്യബന്ധനഗ്രാമങ്ങളുടെ പ്രവർത്തനത്തിനു തുടക്കമിട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഗ്രാമങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നു വിശദീകരിക്കുമോ;

(സി) പ്രസ്തുതഗ്രാമങ്ങളിൽ മത്സ്യത്തൊഴിലാളികൾക്കായി എന്തെല്ലാം അടിസ്ഥാനസൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്;

(ഡി) ഇതിനായി എന്തെല്ലാം കേന്ദ്രസഹായങ്ങൾ ലഭ്യമാണെന്നു വിശദീകരിക്കുമോ?

# കേരള നിയമസഭ
# 18.03.2013–ലെ മറുപടിക്ക്

<u>'സംയോജിതമത്സ്യഗ്രാമം' പദ്ധതി</u>

158 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'സംയോജിതമത്സ്യഗ്രാമം' പദ്ധതിയിൽ തങ്കശ്ശേരിയെ ഉൾപ്പെടുത്തിയിരുന്നെങ്കിലും, പദ്ധതി ആരംഭിക്കുന്നതിന് ഒരു നടപടിയും ഇതുവരെ സ്വീകരിച്ചിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുതപദ്ധതി നടപ്പിലാക്കുന്നതിനായി ബന്ധപ്പെട്ട ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും ഒരു യോഗം അടിയന്തിരമായി വിളിച്ചുചേർക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുതപദ്ധതിക്ക് അനുവദിച്ച തുക എത്രയെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>തീരദേശ പാക്കേജ്</u>

159 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടലോര, കായലോര നിവാസികളുടെ ജീവിതനിലവാരം ഉയർത്തുന്നതിനായി സമഗ്രമായ ഒരു തീരദേശ പാക്കേജ് തയ്യാറാക്കുമോ ;

(ബി) ഇപ്രകാരം തയ്യാറാക്കിയ പ്രസ്തുത പാക്കേജ് കേന്ദ്ര സർക്കാരിന് സമർപ്പിച്ച് അംഗീകാരം നേടി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>മൽസ്യസമൃദ്ധി പദ്ധതി</u>

160 ശ്രീ. വി. പി. സജീന്ദ്രൻ
,, വി. റ്റി. ബൽറാം
,, എ. റ്റി. ജോർജ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൽസ്യസമൃദ്ധി പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) ഉൾനാടൻ മൽസ്യോദ്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതെവിടെയെല്ലാമാണ്;

(ഇ) ഏതെല്ലാം ഏജൻസികളുമായി സഹകരിച്ചാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതെന്ന് അറിയിക്കുമോ;

# കേരള നിയമസഭ
## 18.03.2013–ലെ മറുപടിക്ക്

<u>മൽസ്യവിത്തുകളുടെ ഗുണനിലവാരം</u>

161 ശ്രീ. കെ. ശിവദാസൻ നായർ
,, ലൂഡി ലൂയിസ്
,, എം. പി. വിൻസന്റ്
,, എം. എ. വാഹിദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൽസ്യവിത്ത് നിയമം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) മൽസ്യവിത്തുകളുടെ ഗുണനിലവാരം ഉയർത്തുന്നതിനും ലഭ്യത ഉറപ്പുവരുത്തുന്നതിനുമായി എന്തെല്ലാം വ്യവസ്ഥകളാണ് നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>മത്സ്യതൊഴിലാളികൾക്ക് ശുദ്ധജലലഭ്യത ഉറപ്പാക്കാൻ പദ്ധതി</u>

162 ശ്രീ. എസ്. ശർമ്മ
ശ്രീ. പി. ശ്രീരാമകൃഷ്ണൻ
ശ്രീ. കെ. കുഞ്ഞിരാമൻ(ഉദുമ)
ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടലോരഗ്രാമങ്ങളിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ശുദ്ധജലം ലഭിക്കുന്നതിന് നേരിട്ടുകൊണ്ടിരിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മത്സ്യഗ്രാമങ്ങളിൽ ശുദ്ധജല ലഭ്യത ഉറപ്പാക്കാനുള്ള പദ്ധതികളുടെ നടത്തിപ്പിനെക്കുറിച്ച് ഫിഷറീസ് വകുപ്പ് അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഉപയോഗിക്കാതെ പാഴായിപ്പോകുന്ന മഴവെള്ളം സംഭരിക്കാനുള്ള പദ്ധതികൾ നിലവിൽ നടപ്പിലാക്കുന്നുണ്ടോ; ഏതെല്ലാം പദ്ധതികൾ നിലവിലുണ്ട്; പ്രസ്തുത പദ്ധതികൾ പര്യാപ്തമാണോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>മത്സ്യതൊഴിലാളികൾക്ക് ഉപജീവന സഹായം ലഭ്യമാക്കുന്നതിന് ബജറ്റിൽ വകയിരുത്തിയ തുക</u>

163 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനം സാദ്ധ്യമല്ലാത്ത കാലയളവിൽ മത്സ്യതൊഴിലാളികൾക്ക് ഉപജീവനസഹായം ലഭ്യമാക്കുന്നതിന് 2012-13 ലെ ബജറ്റിൽ വകയിരുത്തുമെന്ന് പ്രഖ്യാപിച്ച 10 കോടി രൂപ വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ അതിൽ എത്ര തുക ചെലവഴിച്ചു;

(ബി) പ്രസ്തുത തുകയിൽ തിരുവനന്തപുരം ജില്ലയ്ക്കായി നീക്കി വച്ച തുകയെത്രയെന്ന് വ്യക്തമാക്കാമോ; ഇതിൽ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>മത്സ്യമേഖലയിൽ ചെലവുകുറഞ്ഞ ഇന്ധനങ്ങൾ ഉപയോഗിക്കുവാൻ ശ്രമം</u>

164 ശ്രീ. എസ്. ശർമ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യമേഖലയിൽ ചെലവുകുറഞ്ഞ ഇന്ധനങ്ങൾ ഉപയോഗിക്കുന്നതിന് എന്തെങ്കിലും ശ്രമങ്ങൾ നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) അത്തരം ശ്രമങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിന് നൂതന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുമോ ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ ക്വാട്ട

165 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് പ്രത്യേകമായി മണ്ണെണ്ണ ക്വാട്ട അനുവദിക്കണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യം കേന്ദ്ര സർക്കാർ അംഗീകരിക്കുന്നുണ്ടോ;

(ബി) എങ്കിൽ നിലവിൽ എത്ര കിലോ ലിറ്റർ മണ്ണെണ്ണയാണ് മത്സ്യമേഖലയ്ക്ക് ലഭ്യമാക്കുന്നത്; അത് എത്ര കിലോ ലിറ്ററായി വർദ്ധിപ്പിച്ച് നൽകും; അത്രയും മണ്ണെണ്ണ കൊണ്ട് മത്സ്യമേഖലയിലെ ഇന്ധന പ്രശ്നത്തിന് പരിഹാരം കാണാനാകുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ മണ്ണെണ്ണ ലഭ്യമാക്കാൻ നടപടി</u>

166 ശ്രീ. പി. കെ. ഗുരുദാസൻ
,, എസ്. ശർമ്മ
,, കെ. വി. അബ്ദുൾ ഖാദർ
,, പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ മണ്ണെണ്ണ പൂർണ്ണമായും കേന്ദ്രം അനുവദിക്കുന്നുണ്ടോ; നിലവിലുള്ള സ്ഥിതി വിശദമാക്കുമോ;

(ബി) മത്സ്യത്തൊഴിലാളികൾക്ക് ഔട്ട്ബോർഡ് എഞ്ചിനുകൾ പ്രവർത്തിപ്പിക്കുന്നതിനുൾപ്പെടെ പ്രതിമാസം ആവശ്യമായ മണ്ണെണ്ണ എത്രയാണെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്; ഇതിന്റെ എത്ര ശതമാനം കേന്ദ്രസർക്കാർ അനുവദിക്കുന്നുണ്ട്; വില എത്രയാണ്;

(സി) കരിഞ്ചന്തയിൽ സുലഭമായി മണ്ണെണ്ണ ലഭിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത മണ്ണെണ്ണയുടെ സ്രോതസ്സിനെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ;

(ഡി) മത്സ്യത്തൊഴിലാളികൾ കരിഞ്ചന്തയെ ആശ്രയിക്കാൻ നിർബന്ധിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 18.03.2013–ലെ മറുപടിക്ക്

പീലിംഗ് തൊഴിലാളികളുടെ പ്രശ്നങ്ങൾ

167 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പീലിംഗ് തൊഴിലാളികളുടെ ക്ഷേമത്തിനായി എൽ. ഡി. എഫ് സർക്കാർ 01.01.2009–ൽ രൂപീകരിച്ച അഞ്ചംഗ വിദഗ്ദ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; അതിൽ എന്തെല്ലാം ക്ഷേമ പ്രവർത്തനങ്ങളാണ് പ്രസ്തുത മേഖലയിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പീലിംഗ് തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള വിദഗ്ദ സമിതി എത്ര തവണ യോഗം ചേർന്നു; എന്തൊക്കെ നിർദ്ദേശങ്ങളാണ് സമർപ്പിച്ചിട്ടുള്ളത്; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഇല്ലെങ്കിൽ എത്രയും വേഗം സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>മത്സ്യമാർക്കറ്റുകളുടെ നവീകരണം</u>

168 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്

**മത്സ്യബന്ധനവും, തുറമുഖവും, എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തികവർഷത്തിൽ മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിന് എത്ര തുകയുടെ ഭരണാനുമതി നൽകിയിരുന്നു;

(ബി) ഏതെല്ലാം മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിനാണ് ഭരണാനുമതി നൽകിയത്;

(സി) കൊല്ലം ജില്ലയിൽപ്പെട്ട മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>മിതമായ നിരക്കിൽ മത്സ്യം ലഭ്യമാക്കുന്നതിന് നടപടി</u>

169 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അയല, മത്തി തുടങ്ങിയ ചെറുമത്സ്യങ്ങളുടെ വില ഈ അടുത്തകാലത്ത് വർദ്ധിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) സാധാരണക്കാർക്ക് മിതമായ നിരക്കിൽ മത്സ്യം ലഭിക്കുന്നു എന്നത് ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>ഫിർമ മുഖാന്തിരം പോള വാരുന്നതിനുള്ള റീടെൻഡർ</u>

170 ശ്രീ. തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ഫിർമ മുഖാന്തിരം പോള വാരുന്നതിന് റീടെൻഡർ ചെയ്ത പ്രവൃത്തി ആരാണ് ഏറ്റെടുത്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കരാറുകാരനുമായി എന്നാണ് എഗ്രിമെന്റ് വെച്ചതെന്നും എഗ്രിമെന്റിന്റെ പകർപ്പും സഹിതമുള്ള റിപ്പോർട്ട് ലഭ്യമാക്കുമോ;

(സി) കുട്ടനാട്ടിലെ എസിക്കനാൽ, ഭൂതപണ്ഡം കായൽ എന്നിവിടങ്ങളിലെ പോള വാരുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) റീടെൻഡർ ചെയ്ത് പോള വാരുന്നതിനുള്ള പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയൊക്കെ എന്ന് വിശദമാക്കുമോ;

(ഇ) പോളവാരുന്നതിന് കരാർ നൽകിയത് സംബന്ധിച്ച് എന്തെങ്കിലും കേസുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(എഫ്) നേരത്തെ പോളവാരിയിരുന്ന കരാറുകാരന് കുടിശ്ശിക തുക നൽകാറുണ്ടോ; ഉണ്ടെങ്കിൽ എത്ര തുക ഉണ്ടെന്നും എവിടെയെല്ലാം പോള വാരിയതിന്റെ ബിൽ തുകയാണ് കുടിശ്ശികയായി നൽകാനുള്ളതെന്നും വിശദമാക്കുമോ ?

## കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>അഷ്ടമുടിക്കായലിനെ മാലിന്യവിമുക്തമാക്കുന്നതിന് പദ്ധതി</u>

171 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഷ്ടമുടിക്കായലിനെ മാലിന്യവിമുക്തമാക്കുന്നതിനും, കൈയ്യേറ്റങ്ങൾ തടഞ്ഞ് തീരദേശ മത്സ്യബന്ധനത്തിന് ഉപയുക്തമാക്കുന്നതിനും ഫിഷറീസ് വകുപ്പ് വഴി എന്തെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ പദ്ധതി നടപ്പിലാക്കുന്നതിനു നടപടി സ്വീകരിക്കുമോ

(ബി) നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ കായൽ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 18.03.2013–ലെ മറുപടിക്ക്

<u>കോസ്റ്റൽ ഏരിയ ഡവലപ്മെൻറ് അതോറിറ്റി</u>

172 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോസ്റ്റൽ ഏരിയ ഡവലപ്മെന്റ് അതോറിറ്റി വഴി എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്; വിശദാംശം നൽകാമോ;

(ബി) കോസ്റ്റൽ ഏരിയ ഡവലപ്മെന്റ് അതോറിറ്റിയുടെ എന്തൊക്കെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>വയനാട് ജില്ലയിൽ ഉൾനാടൻ മത്സ്യകൃഷി</u>

173 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ഉൾനാടൻ മത്സ്യകൃഷിക്കുള്ള സാധ്യതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ജില്ലയിൽ ഉൾനാടൻ മത്സ്യകൃഷി വ്യാപിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) മത്സ്യകൃഷിക്ക് ആവശ്യമായ മത്സ്യക്കുഞ്ഞുങ്ങളെ ജില്ലയിൽ തന്നെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>മത്സ്യമാർക്കറ്റുകളുടെ നവീകരണം</u>

174 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-2013 സാമ്പത്തിക വർഷത്തിൽ മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിനായി എത്ര തുക വകയിരുത്തിയെന്നും എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) 2012-2013 സാമ്പത്തിക വർഷത്തിൽ ആ പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിനാണ് ഫണ്ട് അനുവദിച്ചതെന്നും ഓരോ മത്സ്യമാർക്കറ്റിനും എത്ര തുക വീതമാണ് അനുവദിച്ചതെന്നും ഇവയോരോന്നും ഏതു ജില്ലയിലെ ഏതു നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്നതാണെന്നും വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ ഫണ്ട് ലഭ്യമാക്കുവാൻ തീരുമാനിച്ച മത്സ്യമാർക്കറ്റുകളുടെ നവീകരണ പദ്ധതികൾക്കെല്ലാം ഭരണാനുമതി ലഭ്യമാക്കിയോയെന്നും ഇവ ഏത് ഏജൻസി മുഖേനയാണ് നടപ്പിലാക്കുന്നതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>ഫിഷറീസ് സ്കൂളുകൾ</u>

175 ശ്രീമതി ജമീല പ്രകാശം
ശ്രീ. മാത്യു. റ്റി. തോമസ്
,, ജോസ് തെറ്റയിൽ
,, സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഫിഷറീസ് സ്കൂളുകളാണ് നിലവിലുളളത്;

(ബി) അവയുടെ ഗുണനിലവാരത്തെ സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങളോ, പരിശോധനകളോ നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഡി) തിരുവനന്തപുരത്ത് വലിയതുറയിൽ പ്രവർത്തിക്കുന്ന ഫിഷറീസ് സ്കൂളിന്റെ ശോച്യയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ശരിയായ താമസ, ഭക്ഷണ സൗകര്യങ്ങളില്ലാത്ത പ്രസ്തുത സ്കൂളിന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ നടപടി സ്വീകരിക്കുമോ;

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ ഫിഷറീസ് റോഡുകൾ</u>

176 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ എത്ര ഫിഷറീസ് റോഡുകൾ അനുവദിച്ചിട്ടുണ്ട്?

(ബി) റോഡുകളുടെ പേരും അനുവദിച്ച തുകയും വിശദമാക്കാമോ?

# കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

<u>എയർ കേരള പദ്ധതി</u>

177 ശ്രീ. ബെന്നി ബെഹനാൻ
,, പി. എ. മാധവൻ
,, പാലോട് രവി
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എയർ കേരള പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി കോർ കമ്മിറ്റി രൂപികരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതിക്കുളള അപേക്ഷ ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷന് നൽകിയിട്ടുണ്ടോ;

(എ) പദ്ധതിയുടെ പഠന റിപ്പോർട്ട് തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

## കേരള നിയമസഭ
## 18.03.2013-ലെ മറുപടിക്ക്

വിമാനയാത്രികരുടെ സ്ഥിതിവിവരക്കണക്ക്

178 ശ്രീമതി ഗീതാഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിന്ന് വിദേശരാജ്യങ്ങളിലേക്ക് പ്രതിവർഷം വിമാനയാത്ര ചെയ്യുന്നവരുടെ കണക്ക് ലഭ്യമാക്കാമോ;

(ബി) കേരളത്തിൽ നിന്ന് ഇതര സംസ്ഥാനങ്ങളിലേക്ക് പ്രതിവർഷം യാത്ര ചെയ്യുന്നവരുടെ കണക്ക് ലഭ്യമാക്കാമോ;

(സി) വിദേശ രാജ്യങ്ങളിൽ നന്ന് പ്രതിവർഷം കേരളത്തിൽ എത്തുന്ന വിമാനയാത്രികരുടെ എണ്ണം അറിയിക്കാമോ?

# കേരള നിയമസഭ
# 18.03.2013-ലെ മറുപടിക്ക്

## കണ്ണൂർ എയർപോർട്ടിൽ എയർവൈസ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ

179

ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ എയർപോർട്ടിനായി മുൻ സർക്കാർ എത്ര ഏക്കർ സ്ഥലം അക്വയർ ചെയ്യുകയുണ്ടായി; ഷെയറിനായി എന്ത് തുകയ്ക്കുള്ള അപേക്ഷ അക്കാലത്ത് ലഭിക്കുകയുണ്ടായി;

(ബി) നിർദ്ദിഷ്ട കണ്ണൂർ എയർപോർട്ടിന് എയർവൈസ് സൗകര്യങ്ങൾ നിർമ്മിക്കുന്നതിന് വിളിച്ച ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങൾ ഏതൊക്കെയാണ്;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും യോഗ്യതയുള്ളവർ ആരൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ആരൊക്കെ;

(ഡി) എയർവൈസ് സൗകര്യങ്ങൾ പ്രധാനമായും എന്തെല്ലാമാണ്; ഇവ ഓരോന്നിനും തയ്യാറാക്കപ്പെട്ട എസ്റ്റിമേറ്റ് പ്രകാരം പ്രതീക്ഷിക്കുന്ന ചെലവുകൾ വിശദമാക്കാമോ;

(ഇ) ഇതിനെല്ലാമായി എയർപോർട്ട് കമ്പനിയ്ക്ക് സ്വന്തമായി ഇപ്പോൾ ഉള്ള തുക എത്ര കോടിയാണ്;

(എഫ്) എയർപോർട്ട് നിർമ്മാണത്തിനുള്ള മൊത്തം ചെലവ് കണക്കാക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര; അവശേഷിക്കുന്ന തുക എങ്ങനെ സമാഹരിക്കാനാണുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?